**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്കിൽപ്പെട്ട കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിൽ 2011-ൽ നടപ്പിലാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ക്രമക്കേടുകൾ - ഇരിക്കൂർ ബ്ലോക്കിലെ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസറായിരുന്ന ശ്രീ.വിമൽരാജ്, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരായിരുന്ന സർവ്വശ്രീ.പി.രാമചന്ദ്രൻ, എ.രാജൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായിരുന്ന ശ്രീ.ടി.പി.പ്രദീപൻ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ)നമ്പർ.797/2015/തസ്വഭവ, തിരുവനന്തപുരം, തീയതി, 19.03.2015

---

പരാമർശം :- 1. വിജിലൻസ് ഡയറക്ടറുടെ 06.08.2012ലെ E13(QV 14/2011/KNR)35184/2011 നമ്പർ കത്ത്.

2. ശ്രീ.കെ.കെ.വിമൽരാജ്, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ഇരിക്കൂർ, ശ്രീ.പി.രാമചന്ദ്രൻ, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ഇരിക്കൂർ, ശ്രീ.എ.രാജൻ,, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ഇരിക്കൂർ എന്നിവർക്ക് 30.11.2013 തീയതിയിലും, ശ്രീ.ടി.പി.പ്രദീപൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഇരിക്കൂർ ബ്ലോക്ക് -ന് 5.07.2014 തീയതിയിലും നൽകിയ 66485/ഇആർബി1/2012/തസ്വഭവ നമ്പർ സർക്കാർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3. സർവ്വശ്രീ.കെ.കെ.വിമൽരാജ്, പി.രാമചന്ദ്രൻ, എ.രാജൻ, ടി.പി.പ്രദീപൻ എന്നിവർ യഥാക്രമം 27.01.2014, 20.01.2014. 20.01.2014, 23.09.2014 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദപത്രികകൾ.

4. ഗ്രാമവികസന കമ്മീഷണറുടെ 05.06.2014, 07.08.2014, 14.10.2014 എന്നീ തീയതികളിലെ 3025/എസ്റ്റാഎ4/2013/സിആർഡി നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്കിൽപ്പെട്ട കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിൽ 2011 വർഷത്തിൽ നടപ്പിലാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കണ്ണൂർ യൂണിറ്റ് നടത്തിയ ക്വിക്ക് വെരിഫിക്കേഷന്റെ പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിൽ 2011-12 വർഷത്തിൽ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിൽ നടപ്പിലാക്കിയ തൊഴിലുറപ്പ് പ്രവൃത്തിയിൽ മേറ്റ് ശ്രീമതി.ശ്രീകല വിവിധ പ്രവൃത്തികളുടെ മസ്റ്റർ റോളിൽ കൃത്രിമം കാണിക്കുകയും, ജോലിക്ക് ഹാജരാകാത്തവരുടെ വ്യാജ ഒപ്പിട്ട് തുക കൈപ്പറ്റി സർക്കാരിന് 25,800/ രൂപയുടെ നഷ്ടം വരുത്തുകയുണ്ടായെന്നും പദ്ധതി മോണിറ്ററിംഗ്

നടത്തേണ്ടിയിരുന്ന ബ്ലോക്ക് പ്രോഗ്രാം ഓഫീസർ/ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ /ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ/വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തലങ്ങളിലെ ഉദ്യോഗസ്ഥർ കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുള്ളതായും കണ്ടെത്തുകയുണ്ടായി.

മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്ക് ഉത്തരവാദികളായിരുന്ന സർവ്വശ്രീ. കെ.കെ.വിമൽരാജ്, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ഇരിക്കൂർ, പി.രാമചന്ദ്രൻ, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ഇരിക്കൂർ, എ.രാജൻ, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ഇരിക്കൂർ, ടി.പി.പ്രദീപൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഇരിക്കൂർ എന്നിവർക്ക് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും, ആയതിന് ടി ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം പ്രതിവാദ പത്രികകൾ സമർപ്പിക്കുകയുമുണ്ടായി.

കുറ്റ്യാട്ടൂർ പഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിക്കായുള്ള ഓവർസിയർ പ്രസ്തുത പ്രവൃത്തി സന്ദർശിക്കുകയും ഹാജർ രേഖപ്പെടുത്തിയ മസ്റ്റർ റോളുകൾ ഉൾപ്പെടെയുള്ള രേഖകൾ പരിശോധിക്കുകയും, ഫീൽഡ്തല പരിശോധനയിൽ ക്രമക്കേട് ഒന്നുംതന്നെ കണ്ടുപിടിച്ചിരുന്നില്ലെന്നും ഫീൽഡ്തല ഉദ്യോഗസ്ഥരുടെ പരിശോധനയ്ക്ക് ശേഷം മസ്റ്റർ റോൾ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിക്കുന്നതിന് മുൻപായിട്ടാണ് മസ്റ്റർ റോളുകളിൽ absent ആയിട്ടുള്ള തൊഴിലാളികളുടെ പേരിനു നേരെയുള്ള കോളങ്ങളിൽ മേറ്റ് ശ്രീമതി.ശ്രീകല വ്യാജ ഒപ്പുകൾ രേഖപ്പെടുത്തി കൃത്രിമം കാണിച്ചിട്ടുള്ളതെന്നും പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം മസ്റ്റർ റോളും അനുബന്ധരേഖകളും ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കാണ് എത്തുന്നതെന്നും, സൈറ്റ് ഡയറിയും ചെക്ക് ലിസ്റ്റും മസ്റ്റർ റോളുമായി ഒത്തു നോക്കാതെ പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കി നൽകിയത് ഗ്രാമപഞ്ചായത്തിൽ നിന്നാണെന്നും ഇത് ബ്ലോക്ക് തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലയിൽപ്പെടുന്നതല്ലെന്നും, കുറ്റാരോപണ മെമ്മോയിൽ പറഞ്ഞിട്ടുള്ള മസ്റ്റർ റോൾ പരിശോധന, പ്രൊജക്ട് ഇനിഷേഷ്യൻ മീറ്റിംഗ്, തൊഴിൽ കാർഡ് പരിശോധന, ഫോട്ടോ ഡോക്യുമെന്റേഷൻ എന്നിവയെല്ലാം തന്നെ പദ്ധതി നിർവ്വഹണ ഏജൻസിയായ ഗ്രാമപഞ്ചായത്തിന്റെ ചുതലയാണെന്നും കുറ്റാരോപിതരുടെ പ്രതിവാദപത്രികകളിൽ പറയുന്നു.

ടി ഉദ്യോഗസ്ഥരുടെ പ്രതിവാദപത്രികകളിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 2011 വർഷത്തിൽ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 1ൽ നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ മസ്റ്റർ റോളും, ജോബ്കാർഡും ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ

നിർദ്ദേശ പ്രകാരം കുറ്റ്യാട്ടൂർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പരിശോധിക്കുകയും, ഹാജരാകാത്തവരുടെ കോളത്തിൽ ആബ്സെന്റ് രേഖപ്പെടുത്തുകയും, സൈറ്റ് ഡയറിയിൽ ഹാജരായവരുടെ എണ്ണം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടായിരുന്നെന്നും, ടി രേഖകൾ നിർവഹണ ഏജൻസിയായ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിക്കേണ്ട ഉത്തരവാദിത്വമുള്ള മേറ്റ് ടി രേഖകൾ ഗ്രാമപഞ്ചായത്തിൽ ഏൽപ്പിക്കുന്നതിനിടയിലാണ് കൃത്രിമം കാണിച്ചിട്ടുള്ളതെന്നും, സൈറ്റ് ഡയറിയും ചെക്ക് ലിസ്റ്റും മസ്റ്റർ റോളുമായി ഒത്തു നോക്കി വേതനം നൽകേണ്ട ഉത്തരവാദിത്വം നിർവ്വഹണ ഏജൻസിയായ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതാണെന്നും, മേറ്റ് ശ്രീമതി.ശ്രീകല മസ്റ്റർ റോളിൽ കൃത്രിമം കാണിക്കുന്നുണ്ടെന്ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുള്ളതായും, പ്രസ്തുത റിപ്പോർട്ട് ലഭിച്ച ഉടൻ തന്നെ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ ചാർജ്ജ് വഹിച്ചിരുന്ന ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ.പി.രാമചന്ദ്രൻ സത്വര നടപടികൾ സ്വീകരിക്കുകയും മേറ്റിനെ തൽസ്ഥാനത്തു നിന്ന് നീക്കുകയും അവർ മേറ്റായി പ്രവർത്തിച്ചിട്ടുള്ള എല്ലാ പ്രവർത്തികളുടെയും രേഖകൾ പരിശോധിക്കുകയും, ഫീൽഡ് പരിശോധന നടത്തുകയും, സർക്കാരിന് നഷ്ടം വരുത്തിയ 25800/- രൂപ മേറ്റിൽ നിന്ന് ഈടാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും, ഫോട്ടോ ഡോക്യുമെന്റേഷൻ നടത്തുന്ന ചുമതല നിർവ്വഹണ ഏജൻസിയായ ഗ്രാമപഞ്ചായത്തിന്റേതായതിനാൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ വീഴ്ചയായി കാണാൻ സാധിക്കുകയില്ലെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതോടൊപ്പം ബ്ലോക്ക് തലത്തിലുള്ള ഉദ്യോഗസ്ഥർ അവരുടെ ചുമതല നീതിയുക്തമായും, കൃത്യതയോടും ആത്മാർത്ഥതയോടും ചെയ്തിട്ടുണ്ടെന്നും, കുറ്റാരോപണ മെമ്മോയിൽ പരാമർശിച്ച വീഴ്ചയോ, കൃത്യവിലോപമോ, ടി ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളതായി കാണുന്നില്ലെന്നും ആയതിനാൽ ശ്രീ.പി.രാമചന്ദ്രൻ, ജോയിന്റ് ബി.ഡി.ഒ. ഇരിക്കൂർ, ശ്രീ.എ.രാജൻ, ജോയിന്റ് ബി.ഡി.ഒ, ഇരിക്കൂർ, ശ്രീ.കെ.കെ.വിമൽരാജ്, ബി.ഡി.ഒ. ഇരിക്കൂർ ശ്രീ.ടി.പി.പ്രദീപൻ, വി.ഇ.ഒ. ഇരിക്കൂർ ബ്ലോക്ക് എന്നിവരെ അച്ചടക്ക നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപണ വിധേയരായ ഉദ്യോഗസ്ഥരിൽ ഇരിക്കൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ..പി.റ്റി.വിജയൻ 31.08.2012ൽ സർവ്വീസിൽ നിന്നും വിരമിച്ചിരുന്നു. കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണ ഏജൻസി കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്താണ്. പ്രവൃത്തിയുടെ നടത്തിപ്പും, മേൽനോട്ടവും, പരിശോധനയും, തൊഴിലാളികൾക്കുള്ള കൂലി വിതരണവും നടത്തേണ്ടത് നിർവ്വഹണ ഏജൻസിയാണ്. ബ്ലോക്ക് തലത്തിലുള്ള ഉദ്യോഗസ്ഥരുടെ പരിശോധനകൾക്ക് ശേഷമാണ് മേറ്റ് ശ്രീമതി.ശ്രീകല മസ്റ്റർ റോളിൽ absent രേഖപ്പെടുത്തിയിരുന്ന കോളത്തിൽ

ഹാജരായതായി ഒപ്പിടുകയും അത് പഞ്ചായത്തിനു കൈമാറുകയും ചെയ്തത്. മേറ്റ് പ്രവൃത്തിയിൽ കൃത്രിമം കാണിക്കുന്നു എന്നു പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ അന്ന് ബി.ഡി.ഒ.യുടെ ചാർജ് വഹിച്ചിരുന്ന ജോയിന്റ് ബി.ഡി.ഒ. ശ്രീ.പി.രാമചന്ദ്രൻ സത്വര നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ ടി വിഷയവുമായി ബന്ധപ്പെട്ട്സർക്കാരിനുണ്ടായ നഷ്ടമായ 25,800 രൂപ മേറ്റിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2011 വർഷത്തിൽ കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ തൊഴിലുറപ്പ പദ്ധതിയിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സർവ്വശ്രീ.കെ.കെ.വിമൽരാജ്, ബ്ലോക്ക് ഡവലപമെന്റ് ഓഫീസർ, ഇരിക്കൂർ, പി.രാമചന്ദ്രൻ, ജോയിന്റ് ബ്ലോക്ക് ഡവലപമെന്റ് ഓഫീസർ, ഇരിക്കൂർ, എ.രാജൻ ജോയിന്റ് ബ്ലോക്ക് ഡവലപമെന്റ് ഓഫീസർ, ഇരിക്കൂർ, റ്റി.പി..പ്രദീപൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. ഇരിക്കൂർ ബ്ലോക്ക് എന്നിവർക്കെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടിയിൽ നിന്നും ടി ഉദ്യോഗസ്ഥരെ കുറ്റവിമുക്തരാക്കി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.ജെ.ഉണ്ണികൃഷ്ണൻ
അണ്ടർ സെക്രട്ടറി

ശ്രീ.കെ.കെ.വിമൽരാജ്, ബി.ഡി.ഒ., ഇരിക്കൂർ,
ശ്രീ.പി.രാമചന്ദ്രൻ, ജോയിന്റ് ബി.ഡി.ഒ. ഇരിക്കൂർ,
ശ്രീ.എ.രാജൻ ജോയിന്റ് ബി.ഡി.ഒ, ഇരിക്കൂർ,
ശ്രീ.ടി. പി.പ്രദീപൻ, വി.ഇ.ഒ. ഇരിക്കൂർ ബ്ലോക്ക്
} ഗ്രാമവികസന കമ്മീഷണർ മുഖേന

ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം
വിജിലൻസ് വകുപ്പ് (12.10.2012 തീയതിയിലെ 10566/ഡി1/2012/വിജ് നമ്പർ കത്ത് പ്രകാരം)
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറൊ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ